പതിനാറാം കേരളനിയമസഭ

മൂന്നാം സമ്മേളനം

ബുള്ളറ്റിൻ - ഭാഗം II

2026 നവംബർ 13

നം. 111

അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിയ്ക്കുള്ള ഉപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകുന്നതും അവ അവതരിപ്പിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് നടത്തുന്നതും സംബന്ധിച്ച സമയക്രമം

പതിനാറാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2026 ഡിസംബർ 4-ാം തീയതി അനൗദ്യോഗികാംഗങ്ങളുടെ കാര്യം സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ 1993 മേയ് 10-ാം തീയതിയിലെ നിർദേശം നമ്പർ 15 പ്രകാരം ഒരു സമ്മേളനത്തിൽ ഒരു ദിവസം മാത്രമേ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളുവെങ്കിൽ ആ ദിവസം അനൗദ്യോഗിക ബില്ലുകളിന്മേലുള്ള കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. അതിൻപ്രകാരം 2026 ഡിസംബർ 4-ാം തീയതി അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിയ്ക്കുള്ള ഉപക്ഷേപങ്ങൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ അനൗദ്യോഗിക ബില്ലുകൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായുള്ള നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം	നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി (ബിൽ സഹിതം)	നറുക്കെടുപ്പ് നടത്തുന്ന തീയതി
2026 ഡിസംബർ 4, വെള്ളി	2026 നവംബർ 18, ബുധൻ	2026 നവംബർ 26, വ്യാഴം

അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിയ്ക്കുള്ള ഉപക്ഷേപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന തീയതിയിൽ രാവിലെ 11 മണിക്ക് ഡെപ്യൂട്ടി സെക്രട്ടറി (ലെജിസ്ലേഷൻ) -യുടെ ഓഫീസ് മുറിയിൽ (റൂം. നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

ഷാജി സി. ബേബി,

സെക്രട്ടറി-ഇൻ-ചാർജ്ജ്.

SIXTEENTH KERALAM LEGISLATIVE ASSEMBLY

THIRD SESSION

BULLETIN - PART II

13th November 2026

No. 111

Time Schedule for giving notice for moving motions for leave to introduce Private Members' Bills and conducting Ballot to determine the order of priority

Members are hereby informed that the day allotted for transacting Private Members' Business is on 4th of December, 2026 as per the Calendar of Sittings of the Third Session of the Sixteenth Keralam Legislative Assembly. The Hon'ble Speaker's Direction No. 15 of 10th May 1993 stipulates that if only one day is set aside for Private Members' Business in a session, that day should be used for matters on Private Members' Bills. As such, the business relating to Private Members' Bills will come up on 4th of December, 2026. The relative precedence of Members entitled to move Bills on the allotted day will be determined by ballot. The last date for giving notice for Bills (with copy of Bills) and the date of ballot is as shown in the table below.

Date of discussion of Private Members' Bills	Last date for giving notice for Bills to be included in the Ballot (With Copy of Bills)	Date of Ballot
2026 December 4 Friday	2026 November 18 Wednesday	2026 November 26 Thursday

The ballot to determine the relative precedence of Private Members' Bills will be held in the Office of the Deputy Secretary, Legislation (Room No.408, Assembly Building) at 11.00 am on the date mentioned in the above table.

Shaji C. Baby,

Secretary-in- Charge.